<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 88 07.02.2013-ൽ മറുപടിക്ക്.

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. സി. ദിവാകരൻ :<br>ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>ശ്രീമതി. ഇ. എസ്. ബിജിമോൾ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഇൻഷ്വറൻസ് കമ്പനി ഏതാണ് ; | (എ) യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി. |
| (ബി) പ്രസ്തുത പദ്ധതി മറ്റേതെങ്കിലും കമ്പനികൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ബി) 19.12.2012 ൽ നടന്ന 2013-14 സാമ്പത്തിക വർഷത്തെ ടെൻഡർ നടപടിയിൽ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കായ 738/- രൂപ മുന്നോട്ടു വെച്ചതിനാൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പ് റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനിയെ ഏൽപ്പിക്കേണ്ടി വന്നു. |
| (സി) സ്വകാര്യ സ്ഥാപനങ്ങളിലൂടെ പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടത്താൻ കഴിയില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ, പ്രസ്തുത പദ്ധതി കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ